കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിലമേൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-6 -307 /2017

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി, 13/02/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നിലമേൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :നിലമേൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.പി6- 307/2017 തിയ്യതി:13/02/2017

## കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-01-2016 മുതൽ 31-12-2017. തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.ഗീത, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-01-2017 മുതൽ 28-01-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്രീകുമാരി. റ്റി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷെമീനാപറമ്പിൽ | 01-04-2014 മുതൽ<br>31-10-15 വരെ |
| | ശ്രീ.സി.വി. രാധാകൃഷ്ണൻ<br>ശ്രീമതി. അജിത കുമാരി<br>ശ്രീമതി.കെ.വി.ശ്രീകുമാരി<br>(അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി) | 1-11-15 മുതൽ<br>18-11-15 വരെ |
| | ശ്രീ. എ മുഹമ്മദ് കുഞ്ഞ് | 19-11-15 മുതൽ<br>31-3-16 വരെ |
| സെക്രട്ടറി | ശ്രീ.സി.വി. രാധാകൃഷ്ണൻ | 1-04-2015മുതൽ<br>1-2-2016 |
| | ശ്രീമതി. ഡി .ബേബി സരോജം<br>(സെക്രട്ടറി- ഇൻ-ചാർജ്) | 2-02-2016 മുതൽ<br>31-3-2016 |
| കൃഷി ഓഫീസർ | ശ്രീമതി.ലത ആർ. | 01-04-2015 മുതൽ<br>17-08-2015 വരെ |
| | ശ്രീ. സുരേഷ് | 18-08-2015 മുതൽ<br>7-9-2015 വരെ |
| | ശ്രീമതി. അജിത കുമാരി | 07-09-2015 മുതൽ<br>31-03-2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.അനുപമ ആർ. | 01-04-2015മുതൽ<br>4-03-2016 വരെ |
| | ഡോ. സിമിറബേക്ക ജോസഫ് | 05-03-2016മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി.) | ഡോ.സുരേഷ് ബാബു | 01-04-2015മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.മുഹമ്മദ് ഷെഫീക്ക് മസാനി | 01-04-2015മുതൽ<br>31-03-2016 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.കെ.വി.ശ്രീകുമാരി | 01-04-2015 മുതൽ<br>31-03-2016 വരെ |
| ഹെഡ്മാസ്റ്റർ, ഗവ..യൂ.പി.എസ്സ് | ശ്രീ.ജയപ്രകാശൻപിള്ള | 01-04-2015മുതൽ<br>31-03-2016 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.മുഹമ്മദ് ഷാജി | 01-04-2015 മുതൽ<br>7-5-15 (FN)വരെ |
| | ശ്രീ. ബാബു .ഡി | 7-5-2015(FN)മുതൽ<br>31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രജനി എസ് | 01-04-2015 മുതൽ<br>20-05-2015 വരെ |
| | ശ്രീ. ആർ. വിജയകുമാരൻ പിള്ള | 21-05-2015മുതൽ<br>31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബേബി സരോജം | 01-04-2015 മുതൽ<br>31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല | 2-2 |
| 14 | വാടക കുടിസ്സിക ഈട്ക്കിയതായി കാണുന്നില്ല | 2-3 |
| 15 | യന്ത്രങ്ങളുടെ ഹോഴ്സ് പവറിന് അനുസരിച്ചുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 2-4 |
| | ഭാഗം 3 | |
| 16 | ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഈടാക്കുന്നത് അടിസ്ഥാന ശമ്പളനിരക്കനുസരിച്ച് അല്ല | 3-1 |
| 17 | മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു –നഷ്ടം 1,08,915/- രൂപ | 3-2 |
| 18 | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി നടപ്പിലാക്കിയ പ്രൊജക്ടുകൾ -അനുവദനീയമല്ലാത്ത ചെലവുകൾ നടത്തി-നിരാകരിക്കുന്ന തുക-50,000/-രൂപ | 3-3 |
| 19 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല – 115000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 20 | ഗുണഭോക്തൃ വിഹിതം കെയ്ക്കോയ്ക്ക് നല്കിയില്ല | 3-5 |
| 21 | വകീൽ ഫീസ് സർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിൽ അധികരിച്ച് നൽകി | 3-6 |
| 22 | വകീൽ ഫീസ് സർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിൽ അധികരിച്ച് നൽകി | 3-7 |
| 23 | പ്രായപരിധികഴിഞ്ഞിട്ടും തൊഴിൽരഹിതവേതനം കൈപ്പറ്റിയതായി കാണുന്നു | 3-8 |
| 24 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല | 3-9 |
| 25 | സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക്ക് ദിനം, എസ്.എസ്.എൽ.സി , പ്ലസ് ടു അവാർഡ് – മെമന്റോ വിതരണം ചെയ്തതിന് രേഖകളില്ല | 3-10 |
| 26 | തുല്യതാ പഠനം - വിനിയോഗരേഖകളില്ല | 3-11 |
| 27 | എസ്.എസ്.എ വിഹിതം നല്കൽ -വിനിയോഗസ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-12 |
| 28 | ആശ്രയ | 3-13 |
| 29 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നു | 3-14 |

| | | |
|---|---|---|
| 30 | നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ -ധനവിനിയോഗമാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. | 3-15 |
| 31 | പദ്ധതി തുക കാര്യക്ഷമമായി വിനിയോഗിക്കുന്നില്ല | 3-16 |
| 32 | അധിക നിരക്കിൽ യാത്രപ്പടി നല്കിയതായി കാണുന്നു | 3-17 |
| 33 | ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-18 |
| 34 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-19 |
| 35 | ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധന - അപാകതകൾ | 3-20 |
| 36 | പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല –പട്ടയം അനുവദിക്കുന്നതിനു ലഭിക്കുന്ന അപേക്ഷകളിൻമെൽ ഗ്രാമപഞ്ചായത്ത് തീരുമാനം മതിയായ അന്വേഷണമില്ലാതെ | 3-21 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 46 | സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 4-3-2015 തിയതിയിലെ I- ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ള തിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | 26-7-16 | ഇല്ല | ഇല്ല |

## 1-3. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-1-2017 | സർട്ടിഫിക്കറ്റ് കെ.എസ്.എ.കെ.എൽ.എം.പി6-307/17 നമ്പരായി ഈ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

1. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചത് 57498 /- രൂപയാണ്.

( 24500 /- ,32998/ )RP 31 പ്രകാരം വരവ് 422500 /- രൂപയാണ്. 32988 /- രൂപ തെറ്റായി വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ICDS കേന്ദ്ര വിഹിതം വരവ് ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം 167475 /- രൂപയാണ്. (114074 + 24256 + 2625 + 26250 ) Rajiv Gandhi Scheme for empowerment nutrition 50 % State share 28875 / രൂപ ഉൾപ്പെടെ ആകെ വരവ് 196350 / - രൂപയാണ്. എന്നാൽ RP 31 പ്രകാരം വരവ് 270298 രൂപയാണ്. ബ്ലോക്ക് വിഹിതം 40950 /- രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 32988 /-രൂപ കൂടി central Share – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ 320200309 literacy Scheme grant 66482 രൂപയുടെ കൃത്യത വ്യക്തമല്ല. ബാങ്ക് അക്കൗണ്ട് പ്രകാരം literacy നീക്കിയിരിപ്പ് 902 രൂപയാണ്.

4. ബി- ഫണ്ട് I- 6, I- 14 (d)ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | I- 6 | I- 14 (d) |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 8106570 | 8097970 |
| കർഷക തൊഴിലാളി പെൻഷൻ | 1149960 | 1142760 |
| വിധവാ പെൻഷൻ | 6735520 | 6701320 |
| ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്കുള്ള പെൻഷൻ | 1964380 | 1948580 |
| കൃഷി - ഉല്പാദകബോണസ് | 7000 /- | 0 |

6. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലുൾപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത വ്യക്തമല്ല.

7. വരവിനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി , ഡിആന്റ് ഒ ലൈസൻസ് ഫീസ് , പരസ്യനികുതി എന്നിവയുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിലുൾപ്പെടുത്തിയിട്ടുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലുൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ മൂല്യം കൃത്യമല്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 12720400 /-

വരവ് - 31912961 /-

ആകെ - 44633361 /-

ചെലവ് - 41329370 /-

നീക്കിയിരിപ്പ് - 3303991 /-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1307539 | 4768753 | 6076292 | 6076292 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 888254 | 1722014 | 2610268 | 2610268 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 1722441 | 8254194 | 9976635 | 9976635 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 482601 | 2136268 | 2618869 | 2618869 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1767313 | 2367850 | 4135163 | 4135163 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 1965800 | (-)328563 | 1637237 | 1637237 | 0 | 100% |
| എം.എൻ.ആർ.ഇ.ജി.എസ്. | - | 13389932 | 13389932 | 13389619 | 313 | 100<br>EFMS 13001224 |
| ബി ഫണ്ട് | - | 18243830 | 18243830 | 18243830 | - | 100 % |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 46651051 | 91 | 29350288 | 23 | 37 | 60.2 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) റിംഗ് കമ്പോസ്റ്റ്

2) കുടിവെള്ള പദ്ധതി കോളേജ് കുരിയോട് അട്ടിയിൽ വെയ്ക്കൽ ലക്ഷം വീട് കോളനി

3) തെരിവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ

4) തെരിവ് വിളക്ക് പരിപാലനം എ എം സി

5) ജംഗ്ഷൻ ക്ലീനിംഗ്

6) ജാഗ്രതാ സമിതി നിർഭയ

7)ആട് വളർത്തൽ എസ് സി പി

8)പച്ചക്കറികൃഷി

9)കിഴങ്ങ് കൃഷി പ്രോത്സാഹനം

10)കുരുമുളക് കൃഷി വ്യാപനം

11)പഞ്ചായത്തിന് വസ്തു വാങ്ങൽ

12)സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ

13)ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം

14)മഴപ്പൊലിമ

15)വളയിടം അംഗനവാടിയിൽ കുഴൽക്കിണർ നിർമ്മാണം

16)കൈതോട് അംഗനവാടിയക്ക് വേണ്ടി ചുറ്റുമതിൽ നിർമ്മാണം

17)കേരളോത്സവം

18)അംഗനവാടികൾക്ക് ഗ്യാസ് കണക്ഷനും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും

19) തെരിവ് വിളക്ക് വാങ്ങല്

20) മുട്ടക്കോഴി വളർത്തൽ

21)തെരിവ് നായ്ക്കളുടെ നിയന്ത്രണം

22) മുരുക്കമൺ വെള്ളാംപാറ, എലിക്കുന്നാംമുകൾ വെയിറ്റിംഗ് ഷെഡ് നിർമ്മാണം

23) ബസ് സ്റ്റാന്റ് നിർമ്മാണം

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 10.14% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3339235 | 2309563 | (-)1029672 | |
| നികുതിയേതര വരവുകൾ | 1378407 | 1287268 | (-)91139 | |
| മറ്റുവരവുകൾ | 4428681 | 4622478 | (+)193797 | |
| ആകെ | 9146323 | 8219309 | (-)927014 | 10.14 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 253920 | 152 |
| കർഷകതൊഴിലാളി പെൻഷൻ | 1149960 | 151 |
| വിധവാപെൻഷൻ | 6735520 | 762 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 8106570 | 984 |
| വികലാംഗപെൻഷൻ | 1964380 | 201 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 26480 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-1-17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 5236/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തനത്ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവിധ നികുതി -നികുതിയേതര വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള തുകകളും വാർഷികധനകാര്യ പത്രിക പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എല്ലാ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസിറ്റർ കാലികമാക്കിട്ടില്ല. ഓഡിറ്റിന് രേഖകൾ കൃത്യമായി ഹാജരാക്കിയിട്ടുണ്ട്. പരിമിതമായ അടിസ്ഥാന സൗകര്യത്തിലാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തനം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8-12-16 | 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-12-12 | 2007-08 - 2011-12 | 05-03-2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1) | ശബരിഗിരി ന്യൂ ജനറേഷൻ സ്കൂൾ | I , II |

| | | |
|---|---|---|
| 2) | ഡി ഡി ആർ സി , നിലമേൽ | I , II |
| 3) | ബി എസ് എൻ എൽ | I , II |
| 4) | അപരാജിത ഡൈനാമിക്ക് സിനർജിസ് പ്രൈവറ്റ് ലിമിറ്റഡ് | I , II |
| 5) | എൽ.ബി.എസ് സെന്റർ | I , II |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല -ഓഡിറ്റ് നിർദ്ദേശത്തിനെ തുടർന്ന് – 8010/- രൂപ ഈടാക്കി

നിലമേൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ VIII ാം വാർഡിൽ പ്രവർത്തിക്കുന്ന 22 മുറികളുള്ള (കെട്ടിട അസ്സസ് മെന്റ് പ്രകാരം) രാജ് റീജൻസി എന്ന ത്രീ സ്റ്റാർ ഹോട്ടൽ 2012-13 ൽ പ്രവർത്തനം ആരംഭിച്ചു. 2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നു ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിരുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/21-1-17) നൽകിയതിനെ തുടർന്ന് രസീത് നം. 11603102341, 42/28-1-17 പ്രകാരം 8010/- രൂപ പലിശയുൾപ്പെടെ അടവാക്കി.

## 2-3 വാടക കുടിശിക ഈടാക്കിയിട്ടില്ല-

നിലമേൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന വാടകക്കാരിൽ നിന്നും 2015-16 വർഷത്തിലെ വാടക കുടിശിക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കടമുറി നം. | സ്ഥാപന നടത്തുന്ന വ്യക്തിയുടെ പേര്/ വിലാസം | 2015-16 വർഷത്തെ ആകെ വാടക | ഒടുക്കിയത് | വാടക കുടിശ്ശിക |
|---|---|---|---|---|---|
| 1) | 5 | ജയലാൽ, ലക്ഷ്മി, കടക്കൽ | 1777x12=21324 | - | 21324 |
| 2) | 9 | കെ.ഉമ്മർ കൊടിക്കോണത്ത് ചരുവിള പുത്തൻ വീട്, ബംഗ്ലാംകുന്ന് | 721x12=8652 | - | 8652 |
| 3) | 13 | അൻസർ, ചരുവിള വീട്, വളയിടം, നിലമേൽ | 2012x12=24144 | - | 24144 |

| | | | | | |
|---|---|---|---|---|---|
| 4) | 14 | അൻസർ, ചരുവിള വീട്, വളയിടം, നിലമേൽ | 450x12=5400 | - | 5400 |
| | | | | | 59520 |

വാടക കുടിശ്ശിക 59520/- രൂപ പിഴപ്പലിശ സഹിതം പിരിച്ചെടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 യന്ത്രങ്ങളുടെ ഹോഴ്സ് പവറിന് അനുസരിച്ചുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

2015-16 ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിൽ യന്ത്രവൽകൃത വ്യവസായങ്ങളിൽ യന്ത്രങ്ങളുടെ ഹോഴ്സ് പവറിന് അനുസരിച്ചുള്ള (പഞ്ചായത്ത് രാജ് ചട്ടം 17,18 പ്രകാരം) ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് /കെട്ടിട നം. | വ്യക്തിയുടെ പേര് വിലാസം | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട തുക | ഈടാക്കിയത് | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | VIII/449 | സമീറാ ബീവി ജസീറാ മൻസിൽ, കണ്ണംകോട്,നിലമേൽ | തടിമിൽ | 40HP | 400/- | 300/- | 100/- |
| 2 | VI/120,121 | സുപ്രരാജൻ ഷിബു സദനം, കാരോട്, നിലമേൽ | സർവ്വീസ സ്റ്റേഷൻ | 7HP | 100/- | 50/- | 50/- |
| 3 | VII/192D | സിറാജുദ്ദീൻ നൂറാ മൻസിൽ, നെടുംപാറ,തട്ടത്തുമല | റൈസ് മിൽ | 15HP | 200/- | 100/- | 100/- |
| 4 | VI/169,170 | ജയകുമാർ മാങ്കുഴി വീട്, നിലമേൽ | ടയർ റീട്രേഡ് | 1.5HP | 50/- | - | 50/- |
| | | | | | | ആകെ | 300/- |

മോട്ടോർ ഫീസിനത്തിൽ കുറവുവന്ന 300/- രൂപ ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുന്നത് അടിസ്ഥാന ശമ്പളനിരക്കനുസരിച്ച് അല്ല

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻ, ജോലിയിൽ പ്രവേശിച്ച് ഒരുവർഷത്തിനകം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസിയിൽ അംഗത്വമെടുക്കണമെന്നും, പോളിസിയിൽ അംഗത്വമെടുക്കാതെ ഉദ്യോഗസ്ഥന് ആദ്യ ഇൻക്രിമെന്റ് അനുവദിക്കാനാ

വില്ല എന്നും റൂൾ 22എ, കെ എസ് ആർ പാർട്ട് 1, നോട്ട് അണ്ടർ റൂൾ 31 ജി.ഒ.പി. നം.556/2008/ ധന/തീയതി 16-12-2008 എന്നിവ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലമേൽ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുന്നത് അടിസ്ഥാന ശമ്പളനിരക്കനുസരിച്ച് അല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവന ക്കാരുടെ പേര് | ജീവന ക്കാരുടെ ഉദ്യോഗ പേര് | അടിസ്ഥാന ശമ്പളം | ശമ്പള സ്ലാബ് | ഈടാ ക്കേണ്ട ഇൻഷ്വ റൻസ് തുക | ഈടാ ക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | ശ്രീമതി.ഡി ബേബി സരോജം | ആസി. സെക്രട്ടറി | 42500 | 35700-55349 | 500 | 250 | 250 |
| 2 | ശ്രീമതി. നജീമ എം. | അക്കൗണ്ടന്റ് | 33100 | 18000-35699 | 300 | 150 | 150 |
| 3 | ശ്രീ. ബാലാജി എൽ | ഹെഡ് ക്ലാർക്ക് | 23490 | 18000-35699 | 300 | 150 | 150 |
| 4 | ദീപ ജി | സീനിയർ ക്ലാർക്ക് | 25403 | 18000-35699 | 300 | 150 | 150 |
| 5 | ബിജി ആർ | സീനിയർ ക്ലാർക്ക് | 31500 | 18000-35699 | 300 | 150 | 150 |
| 6 | ജി. രഘുനാഥൻ പ്രസാദ് | സീനിയർ ക്ലാർക്ക് | 31500 | 18000-35699 | 300 | 250 | 50 |
| 7 | സദശിവൻ പിള്ള .കെ | ക്ലാർക്ക് | 30700 | 18000-35699 | 300 | 100 | 200 |

ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം അടിസ്ഥാന ശമ്പളനിരക്കനുസ-രിച്ച് ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു -നഷ്ടം **1,08,915/-** രൂപ

2015-16 ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാറുകാർക്ക് ഫൈനൽ ബില്ല് തുക നൽകുകയും ചെയ്യിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rateന്റെ കൂടെ PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് കരാറുകാർക്ക് 7756.68/m3 ആണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറനിര പ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കു കൂടി ചേർത്ത് എംക്യൂബിന് 8172.30 രൂപ നിരക്കിൽ കരാറുകാർക്ക് ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര്/ ഫണ്ടിനം/ | കോൺട്രാക്ടറുടെ പേരും എം.ബുക്ക് നം. | പ്രവൃത്തി മൂല്യം, ബിൽ നം/ തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ | 1:2:4 കോൺക്രീറ്റിനു നൽകേണ്ട | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ/ടി.എസ്.നം | | | തുക. (@8172.30/ m3) | തുക. (@ 7756.68/ m3) | |
| 1. | 122/16-പുലിക്കോട് പുതുവൽ റോഡ് കോൺക്രീറ്റിംഗ്-1,17,000/-(മെയിൻ.ഫണ്ട് റോഡ്)-130/AEE /LSGD/CDLM/15-16 /29.06.2015 | ശ്രീ.വി.ഗോപകുമാർ -39/-15/16 | 116723/-രൂപ 56/19.02.16 | 5.75 -46,990.73 രൂപ | 44,600.91 | 2,390 |
| 2. | 44/16-കോയിപ്പുറം വട്ടക്കൈത റോഡ് കോൺക്രീറ്റിംഗ്-3,00000/-(മെയിന്റനൻസ് ഫണ്ട് റോഡ്)-124/AEE/LSGD/CDLM/15-16 /29.06.15 | ശ്രീ.അനീഷ് എ.എസ്. -19/15-16 | 2,99,791/-രൂപ 31/23.09.15 | 14.46-1,18,171.45 രൂപ | 1,12,161.59 | 6,010 |
| 3. | 38/16-മുരുക്കുമൺ ആറയിൽകോണം നെല്ലിക്കാട് റോഡ്-3,10,000/-രൂപ(മെയിന്റനൻസ് ഫണ്ട് റോഡ് -132/AEE/LSGD/CDLM /15-16/29.06.15 | ശ്രീ.എസ്.നിസാറുദ്ദീൻ -17/15-16 | 309712,/-രൂപ 30/23.09.15 | 14.94-1,22094.16 | 1,15,884.80 | 6,209 |
| 4. | 45/16-മൂപ്പനുക്ക് പുതുവൽ റോഡ് കോൺക്രീറ്റിംഗ്-3,43,000/-(മെ.ഫണ്ട് റോഡ്)-125/AEE/LSGD/CDLM/15-16 29.06.15 | ശ്രീ.എ.പ്രസന്നകുമാരി-18/15-16 | 3,42,708/-രൂപ 29/23.09.15 | 16.53-1,35,088.11 | 1,28,217.92 | 6,870 |
| 5. | 125/16-നെട്ടയം കോളനി റോഡ് കോൺക്രീറ്റിംഗ് -2,00,000/-രൂപ (മെ.ഫണ്ട് റോഡ്)-131/AEE /LSGD/CDLM/15-16 29.06.15 | ശ്രീ.അക്ബർഷ -15/15-16 | 1,99,654/-രൂപ 28/22.09.15 | 9.63-78,699.24 | 74,696.83 | 4,002 |
| 6. | 42/16-അട്ടിയിൽ നെല്ലിക്കുന്ന് റോഡ് കോൺക്രീറ്റിംഗ് -1,67,500/-രൂപ(മെ.ഫണ്ട് റോഡ്)-121/AEE/LSGD/CDLM/15-16 29.06.15 | ശ്രീ.അക്ബർഷ -14/15-16 | 1,66,482/രൂപ /6/24.08.15 | 8.03-65,623.56 | 62,286.14 | 3,337 |
| 7. | 43/16-കുരിയോട് കണിയാംകോണം റോഡ് കോൺക്രീറ്റിംഗ്-3,26,000/-(മെ.ഫണ്ട് റോഡ്)-133/AEE/LSGD/CDLM/15-16 29.06.15 | ശ്രീ.കെ.അനിൽകുമാർ -16/16 | 3,25,851/-രൂപ /5/24.08.15 | 15.72-1,28,468.55 | 1,21,935 | 6,534 |
| 8. | 41/16-കുരിയോട് ചെല്ലംകോഡ് റോഡ് കോൺക്രീറ്റിംഗ് -1,56,500/-രൂപ -(മെ.ഫണ്ട് റോഡ്)-123/AEE/LSGD/CDLM/15-16 29.06.15 | ശ്രീ.ചന്ദ്രശേഖരകുറുപ്പ്-2/15-16 | 1,56,452/-രൂപ /12/24.08.15 | 7.55-61,700 | 58,563 | 3,137 |
| 9. | 21/16-ആലയിൽ ഉടയൻപാറ റോഡ് കോൺക്രീറ്റിംഗ് -3,50,000/-രൂപ -(മെ.ഫണ്ട് റോഡ്)-123/AEE /LSGD/CDLM/15-16 29.06.15 | ശ്രീ.ആർ.ശാന്തി-42/15-16 | 3,49,901/-രൂപ /58/29.2/16 | 17.11-1,39,848.48 | 1,32,717 | 7131 |
| 10. | 127/16-ആലയിൽ പൊത്തുവള്ളി റോഡ് കോൺക്രീറ്റിംഗ്-2,00,000/-രൂപ--(മെ.ഫണ്ട് റോഡ്-1,50,000 +തനത് ഫണ്ട്-50,000/-രൂപ)-135/AEE/LSGD/CDLM /15-16 29.06.15 | ശ്രീ.ചന്ദ്രശേഖരകുറുപ്പ് -34/16 | 1,99,633/-രൂപ /59/29.02.16 | 10.04-82,111 | 77,877 | 4,234 |
| 11. | 13/16-ഒരുസെന്റ് വാഴോട് റോഡ് കോൺക്രീറ്റിംഗ് -2,60,000/-രൂപ (മെ.ഫണ്ട് റോഡ്)-118/AEE /LSGD/CDLM/15-16 29.06.15 | ശ്രീ.ഷിഹദ് ജബ്ബാറുകട്ടി-3/15-16 | 2,59,752/-രൂപ /11/24.08.15 | 12.53-1,02,398.91 | 97,191.20 | 5208 |
| 12 | 128/16-കൊടിക്കോണം കാവ് റോഡ് കോൺക്രീറ്റിംഗ്-3,00,000/-രൂപ (മെ.ഫണ്ട് റോഡ്)-116/AEE | ശ്രീ.ജയഭദ്രജൻ -12/15-16 | 2,99,761/-രൂപ /31/23.09.15 | 14.46-1,18,171.45 | 1,12,161.59 | 6010 |

| | | | | | | |
|---|---|---|---|---|---|---|
| | /LSGD/CDLM/15-16 29.06.15 | | | | | |
| 13 | 46/16-വാഴോട് മൈലക്കുന്ന് റോഡ് കോൺക്രീറ്റിംഗ്-1,90,000/-രൂപ -(മെ.ഫണ്ട് റോഡ്)-136/AEE /LSGD/CDLM/15-16 /29.06.15 | ശ്രീ.ജയദ്രജൻ-13/15-16 | 1,89,683/-രൂപ/9 & 13/24.08.15 | 9.15 -74,776.54 | 70,973.62 | 3803 |
| 14 | 28/16-പ്രിയദർശിനി തൊട്ടവള്ളി റോഡ് -കോൺക്രീറ്റിംഗ്-3,50,000/-(ലോക ബാങ്ക്-65,597/-,മെയി.റോഡ് -283441 ,തനത് ഫണ്ട്-1,962 )- 127/AEE/LSGD/CDLM /15-16 /29.06.15 | ശ്രീ.എ.നാദർഷാൻ-11/15-16 | 3,49,881/-രൂപ /14&15 /24.08.15 | 16.876-1,37,915.73 | 1,30,901.73 | 7014 |
| 15 | 47/16-വെള്ളാം പാറ അപ്പൂപ്പൻ റോഡ് കോൺക്രീറ്റിംഗ് -3,15,500/-രൂപ(മെ.ഫണ്ട് റോഡ്)-122/AEE/LSGD/CDLM/15-16 /29.06.15 | ശ്രീ.ജെ.സുനിൽദത്ത്-33/15-16 | 2,81,329/-രൂപ-64/22.03.16 | 13.57-1,10,894.02 | 1,05,258.14 | 5,636 |
| 16 | 48/16-നെട്ടയം അമ്മണംകോട് റോഡ് കോൺക്രീറ്റിംഗ്-3,34,500/-(മെയി.ഫണ്ട് റോഡ് ) 122/AEE/LSGD/CDLM/15-16 /29.06.15 | ശ്രീ.രാജീവ് കെ.-29/16 | 3,34,500/-രൂപ-48/30.1.16 | 16.24-1,32,759 | 1,25,968.48 | 6,791 |
| 17 | 36/16-നടയിൽ മേലതിൽ റോഡ് കോൺക്രീറ്റിംഗ്-1,26,200/-രൂപ(മെയി.ഫണ്ട് റോഡ്) 134/AEE /LSGD/CDLM/15-16 /29.06.15 | ശ്രീ.കെ.രാജീവ്-28/15-16 | 1,26,200/-രൂപ-47/30.1.2016 | 6.12-50,014.48 | 47,471.88 | 2543 |
| 18. | 37/16-മുരുക്കമൺ യു.പി.എസ് റോഡ് കോൺക്രീറ്റിംഗ്-3,13,800/-(മെയി.ഫണ്ട് റോഡ്) 119/AEE/LSGD/CDLM/15-16 /29.06.15 | ശ്രീ.നിസാറുദ്ദീൻ-30/15-16 | 3,13,589/-രൂപ-53/19.02.16 | 15.13-1,23,646.89 | 1,17,358.50 | 6288 |
| 19. | 40/16-കൈതോട് പോസ്റ്റോഫീസ് ആല്യംകുന്നിൽറോഡ് കോൺക്രീറ്റിംഗ്-3,66,000/-( മെയി.ഫണ്ട് റോഡ്) 119/AEE /LSGD/CDLM/15-16 /29.06.15 | ശ്രീ.നാസറുദ്ദീൻ-64/16 | 3,59,883/-രൂപ 80/31.03.16 | 16.22-1,32,566.18 | 1,25,813.35 | 6,753 |
| 20. | 27/16-വട്ടവിള തൊട്ടുവള്ളി റോഡ് കോൺക്രീറ്റിംഗ്-3,00,000/-( മെയി.ഫണ്ട് റോഡ്) 117/AEE /LSGD/CDLM/15-16 /29.06.15 | ശ്രീ.വി.ഗോപകുമാർ-26/16 | 2,99,522/-രൂപ 44/20.01.16 | 14.45-1,18,089.73 | 1,12,084.02 | 6,010 |
| 21. | 100/16-ബംഗ്ലാംകുന്ന് പാണയംകോണം റോഡ് കോൺക്രീറ്റിംഗ്-1,50,000/-( മെയി.ഫണ്ട് റോഡ്) 126/AEE /LSGD/CDLM/15-16 /29.06.15 | ശ്രീ.വി.ഗോപകുമാർ-27/16 | 1,49,896/-രൂപ 45/20.01.16 | 7.23-59,085.72 | 56,080.79 | 3,005 |
| | | | | ആകെ രൂപ | | 1,08,915 |

കൂടിയ നിരക്ക് അനുവദിച്ചതുനിമിത്തം ആകെ 1,08,915/-രൂപ നഷ്ടമായി തിട്ടപ്പെടുത്തുന്നു. തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ ,ബ്ലോക്ക് തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-3** <u>മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി നടപ്പിലാക്കിയ പ്രൊജക്ടുകൾ -അനുവദനീയമല്ലാത്ത ചെലവുകൾ നടത്തി-നിരാകരിക്കുന്ന തുക-**50,000/-**രൂപ</u>

1.പാലിയേറ്റീവ്പരിചരണ പദ്ധതി-ഭക്ഷ്യകിറ്റ് വിതരണം-ചെലവ് അനുവദ നീയമല്ല-നിരാകരിക്കുന്ന തുക -20,000/- രൂപ

പ്രോജക്ട് നം. : 25/16

അടങ്കൽ : 4,00,000/- രൂപ

ചെലവ് : 59,600/-രൂപ(ബിൽ നം. 27/15-16 തീ. 30.03.2016)

22.03.16 –ന് നടത്തിയ കുടുംബ സംഗമത്തിൽ പങ്കെടുത്ത പാലിയേറ്റീവ് കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണത്തിന് 20,000/- രൂപപയർ, അരി എന്നിവ വാങ്ങുന്നതിന് (വൗച്ചർ നം.32,33,34/21.03.16) ചെലവഴിച്ചു. സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് (ത.സ്വ.ഭ.വ.(ഡി.എ.)വകുപ്പ് സ.ഉ.(സാധാ)3217/15/-29.10.15) സംഘാടന ചെലവുകൾക്ക് പരമാവധി 3,000/-രൂപയും ഭക്ഷണ ചെലവിനത്തിൽ ഒരാൾക്ക് പരമാവധി 60/-രൂപ വീതവുമാണ് ചെലവനുവാദമുള്ളത്.മറ്റ് എല്ലാ ചെലവുകളും സ്പോൺസർഷിപ്പ് മുഖേനയാണ് നിർവ്വഹി ക്കേണ്ടത്.ഇതിന് വിരുദ്ധമായി നടത്തിയ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

2.പാലിയേറ്റീവ് നഴ്സിന് പ്രസവാവധിക്കാലയളവിൽ ഓണറേറിയം അനുവദനീയമല്ല-നിരാകരിക്കുന്ന തുക- 30,000/-

പ്രോജക്ട് നം. : 25/16

അടങ്കൽ : 4,00,000/- രൂപ

ബിൽ നം.3/15 -83,400/-രൂപ/27.07.15

ത.സ്വ.ഭ.വ (ഇ.പി.എ) വകുപ്പിന്റെ (ആർ.ടി) 526/15 -21.02.15 സർക്കാർ ഉത്തരവിൽ പാലിയേറ്റീവ് കെയർ നഴ്സിന് മൂന്ന് മാസത്തേയ്ക്ക് പ്രസവാവധി അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ ടി കാലയളവിൽ ഓണറേറിയം അനുവദനീയമാണെന്ന് വ്യക്തമാക്കി യിട്ടില്ല.അതിനാൽ വൗച്ചർ നം.14/30.06.15 പ്രകാരം പാലിയേറ്റിവ് നേഴ്സ് ശ്രീമതി ശിവ കുമാരി.എസ്.ടി.യ്ക്ക് കുടിശ്ശികയായി അനുവദിച്ച 30,000/-രൂപ (ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ 2014) ഓഡിറ്റിൽ നിരാകരി ക്കുന്നു.

മേൽ രണ്ട് ഖണ്ഡികളിലായി ആകെ നിരാകരിച്ച 50,000/-രൂപ (20,000+30,000/-രൂപ) ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽനിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-4** <u>വിനിയോഗരേഖകൾഹാജരാക്കിയില്ല **-115000/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട വിനിയോഗരേഖകൾ ഹാജരാക്കാത്തതിനാൽ 115000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/20.1.2017) ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നറിയിച്ചിട്ടുണ്ട്. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ട

താണ്.

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ഫണ്ട് | ബിൽനമ്പർ/ ചെക്ക് നമ്പർ/ തീയതി | തുക | തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|---|
| 1. | ഡിപിസി കെട്ടിട നിർമ്മാണം-വിഹിതം നല്കൽ (S006 /16) | വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 13/15-16/ 9.10.15 | 50000 | ഡിഡി.നം. 807685/ 15.10.15 പ്രകാരംമെമ്പർ സെക്രട്ടറി, ജില്ലാപ്ലാനിംഗ് കമ്മിറ്റി, കൊല്ലം പേർക്ക് നല്കിയത് |
| 2. | മീഡിയാ ശ്രീ (S00131/16) | തനത് ഫണ്ട് | 486123/ 28.9.15 | 65000/- | ഡിഡി.നം. 897487/30.9.15 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ, തിരുവനന്തപുരം പേർക്ക് നല്കിയത് |
| ആകെ | | | | 115000/- | |

**3-5** <u>ബി - ഫണ്ട് ഉല്പാദകബോണസ് **7000 /-** രൂപ വിതരണം ചെയ്തതിന്റെ കൃത്യത വ്യക്തമല്ല</u>

ബാങ്കിംഗ് ട്രഷറിയായിട്ടും നോൺ ബാങ്കിംഗ് ട്രഷറി അക്കൗണ്ട് നിറുത്തലാക്കാതെ പ്രസ്തുത അക്കൗണ്ടിൽ കൂടി കൃഷി ഓഫീസർ ഇടപാടുകൾ നടത്തിയിട്ടുണ്ട്. 2015 -16 സാമ്പത്തികവർഷത്തെ പദ്ധതികൾക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകളിൽ ബി - ഫണ്ട് ഉല്പാദകബോണസ് 7000 /- രൂപ ബാങ്ക് പാസ് ബുക്കിൽ നീക്കിയിരിപ്പായി ഉൾപ്പെട്ടിട്ടുണ്ട് .എസ്.ബി.ടി നിലമേലിന്റെ Ac. No. 57038766344 ൽ 25.12.2016 ൽ 30877 /- രൂപ നീക്കിയിരിപ്പ് ഉണ്ട് . ഗുണഭോക്തൃ വിഹിതമിനത്തിൽ കെയ്യോഴ്യ്ക്ക് നൽകാ നുള്ള 20380 /- രൂപയും (വാഴകൃഷി പദ്ധതിയിൽ (S0030/16 ) - 13000 / രൂപ പച്ചക്കറി കൃഷി വികസനം S00 29/16 - 6380 രൂപ, വെറ്റിലകൃഷി S0031/16 -1000 /-രൂപ )

ബി - ഫണ്ട് ഉല്പാദകബോണസ് 7000 /- രൂപയും, പലിശ 3497 /- രൂപയും ഉൾപ്പെട്ട താണ് നീക്കിയിരിപ്പ് തുക.ഗുണഭോക്തൃ വിഹിതമിനത്തിൽ കെയ്യോഴ്യ്ക്ക് നൽകാനുള്ള 20380 /- രൂപ ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് (ഓഡിറ്റ് അന്വേഷണം നം. 17 / 27.1.17) 30.1.17 ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. ( രസീത് നം 059889 / 30.1.2017 തുക 6380 /-,

രസീത് നം 059888 /30.1.2017 തുക -13000/-, രസീത് നം 059889 /30.1.2017 തുക രസീത് നം 059890 /30.1.2017 തുക – 1000).

എന്നാൽ ബി - ഫണ്ട് ഉല്പാദകബോണസ് 7000 /- രൂപ ബാങ്കിൽ നല്കിയിട്ടുണ്ടെങ്കിലും പാസ് ബുക്ക് പ്രകാരം തുക പിൻവലിച്ച കാണുന്നില്ല. ബാങ്ക് അക്കൗണ്ട് നിറുത്തലാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും, തുക ഉല്പാദകബോണസ് 7000 /- രൂപ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ടോയെന്ന വിവരം അറിയിച്ചിട്ടില്ല. പ്രസ്തുത തുക ഗുണഭോക്താക്കൾകൈപ്പറ്റിയതിന്റെ രേഖയും ബാങ്ക് പാസ്ബുക്കിൽ നിന്നും തുക പിൻവലിച്ചതായുള്ള രേഖകളും ഹാജരാക്കുംവരെ 7000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 <u>വക്കീൽ ഫീസ് സർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിൽ അധികരിച്ച് നൽകി</u>

2015-16 വൗച്ചർ പരിശോധനയിൽ ബിൽ നം.187/തീയതി29-6-15 പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി ഒഴിപ്പിക്കുന്നത് സംബന്ധിച്ച വക്കീൽ ഫീസ് സർക്കാർ അനുവദിച്ചിട്ടുള്ള ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് കേസൊന്നിന് 3000/- രൂപ എന്ന പരിധിയിൽ 2003 ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും ചട്ടങ്ങൾ എസ്.ആർ.ഒ നമ്പർ 1023/2003) അധികരിച്ച് നൽകിയതായി കാണുന്നു.

ബഹു: ഹൈക്കോടതിയിൽ WP(C) 18034/15, WP(C) 15768/15 എന്നീ നമ്പർ കേസുകൾ അഡ്വ.ടി.എം.അബ്ദുൾ ലത്തീഫ് മുഖേന ഫയൽ ചെയ്തിരുന്നു. പുതിയ കേസുകളായി ഫയൽ ചെയ്തതിനാൽ വക്കീൽ ഫീസായ 45000/- രൂപ ( ചെക്ക് നം. 11489/29-6-15)വക്കീലിന്റെ ആവശ്യ പ്രകാരം നൽകിയിട്ടുണ്ട്. മേൽ സാഹചര്യ ത്തിൽ പരിധികഴിഞ്ഞ് ഫീസ് നൽകിയതിന് വിശദീകരണവും, സർക്കാർ സാധൂകരിച്ചിട്ടുണ്ടങ്കിൽ ആയത് ലഭ്യമാക്കാനും എൻക്വയറി നം.18/28-1-17 ആവശ്യപ്പെട്ടതിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സെക്രട്ടറി നൽകിയ മറുപടി അനുസരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ ഒഴിപ്പിച്ച്, കടകൾ പുതിയതായി ലേലം ചെയ്ത് പഞ്ചായത്തിന്റെ തനതു ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി നടത്തിയ കേസിന്റെ വക്കീൽ ഫീസ് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 8-6-15 ലെ VIII(4) തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. അധിക മായി നൽകിയ തുകയ്ക്കുള്ള സാധൂകരണത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് വാങ്ങി ഹാജരാക്കി നൽകാമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ വക്കീൽ ഫീസായിനൽകിയ 45000/- രൂപ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 <u>അതുല്യം - വിനിയോഗവിവരം ലഭ്യമാക്കിയില്ല – തടസ്സപ്പെടുത്തുന്ന തുക **66500 /-** രൂപ</u>

പ്രോജക്ട് നം- SO132/16

അടങ്കൽ - 200000 /- (തനത് ഫണ്ട്)

ചെലവ്- 66500 /- രൂപ

ചെക്ക് നം/ തീയതി - 012374/29.3.16

നിർവഹണം- ഹെഡ്മാസ്റ്റർ

അതുല്യം പദ്ധതിയിൽ 320 പഠിതാക്കൾക്കായി ചെക്ക് നം . 012374/29.3.2016 പ്രകാരം 66500 /- രൂപ ചെലവഴിച്ചിട്ടുണ്ട്. (കോ- ഓർഡിനേറ്റർമാർക്ക് ഓണറേറിയം 18000 /- രൂപ ,ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം 36000/- രൂപ, 250 പുസ്തകങ്ങളുടെ വിലയായി സാക്ഷരതാമിഷനിൽ ഒടുക്കിയ തുക 12500 /- രൂപ). സാമൂഹ്യനീതിവകുപ്പുമായി ചേർന്ന് നാലാംതരം ജയിക്കാത്ത പഠിതാക്കളുടെ വിവരങ്ങൾ ശേഖരിയ്ക്കണമെന്നും ക്ലാസുകൾ ആരംഭിച്ചുകഴിഞ്ഞാൽ ഉടൻതന്നെ പഠിതാക്കൾക്ക് പുസ്തകങ്ങൾ, മറ്റ് പഠനോപകരണങ്ങൾ തുടങ്ങിയവ നൽകണമെന്നും മലയാളം, ഇംഗ്ലിഷ്, കണക്ക്, നമ്മളും നമുക്ക് ചുറ്റും എന്നീ വിഷയങ്ങൾ തുല്യതാ പാഠാവലി കുറഞ്ഞത് 100 മണിക്കൂറെങ്കിലും പഠിപ്പിയ്ക്കണമെന്നും പരീക്ഷ കഴിഞ്ഞാൽ ഉടൻതന്നെ ജില്ലാസാക്ഷരതാ- മിഷന്റെ നേതൃത്വത്തിൽ DIETന്റെ സഹകരണത്തോടെ മൂല്യനിർണയം സംഘടിപ്പി യ്ക്കണമെന്നും അതുല്യം മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ ക്ലാസുകൾ നടത്തിയതിന്റെ അറ്റന്റൻസ് രജിസ്റ്ററും പുസ്തകം കൈപ്പറ്റിയതായുള്ള ഒരു ലിസ്റ്റും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 320 പഠിതാക്കളുടെ ലിസ്റ്റുണ്ടെങ്കിലും 250 പുസ്തകങ്ങളുടെ വിലയാണ് സാക്ഷരതാമിഷനിൽ ഒടുക്കിയത്. പുസ്തകം ലഭിച്ചതിന്റെ രേഖകളോ സ്റ്റോക്ക് രജിസ്റ്ററോ ഇല്ല. പഠിതാക്കൾ പരീക്ഷ എഴുതി പാസ്സായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി യിട്ടില്ല. ആയതിനാൽ 66500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി (നം 3/ 20 .1.17) സാക്ഷരത മിഷനിൽ നിന്നും സർട്ടിഫിക്കറ്റുകൾ വാങ്ങി നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 <u>പ്രായപരിധികഴിഞ്ഞവർക്കും തൊഴിൽരഹിതവേതനം നൽകി</u>

28/5/1998-ലെ ജി.ഓ.(പി)/23/98/ തൊഴിൽ സർക്കാർ ഉത്തരവനുസരിച്ച് 18-നും 35-നും ഇടയിൽ പ്രായമുള്ള തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് നൽകുന്ന താല്ക്കാലിക ധനസഹായമാണ് തൊഴിൽ രഹിത വേതനം. ഒരാൾക്ക് 35വയസ്സ് പൂർത്തിയാവുകയോ, തൊഴിൽ ലഭിക്കുകയോ ചെയ്താൽ തൊഴിൽ രഹിത വേതനം നൽകാൻ പാടില്ല. 35വയസ്സ് എന്ന പ്രായപരിധികഴിഞ്ഞിട്ടും തൊഴിൽരഹിതവേതനം കൈപ്പറ്റിയവരുടെ വിശദ വിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | റോൾ നം. | പേര്, വിലാസം | ജനന തിയതി | വേതനം അനുവദ നീയമായ കാലയളവ് | വേതനം അധികം നൽകിയ കാലയളവ് (രൂപ) | ബിൽ നം/തീയതി |
|---|---|---|---|---|---|---|
| 1. | 219 | മനുമോൾ. വി<br>മഞ്ജു വിലാസം, | 30-5-1980 | 5/15 | 6/15-11/15<br>6x120=720/- | 6/15-16 തി. 19.8.15(193200/-) |

| | | | | | | |
|---|---|---|---|---|---|---|
| | | വളയിടം, നിലമേൽ | | | | വൗച്ചർ നം. 11503100670/ 20-8-15<br><br>വൗച്ചർ നം.11503101753/29.2.16 (103200/-) |
| 2. | 267 | മിനി എം<br>പ്ലാവിള വീട്, വെള്ളിരി, കൈതോട് | 20-4-1979 | 4/14 | 5/14-8/14<br>4x120=480/- | വൗച്ചർ നം.11503101753/ 29.2.16 (103200/-) |
| 3. | 270 | ഹസീന എം. എം.<br>ഉദയൻകോനത്തു (H),കണ്ണക്കോട്, നിലമേൽ | 31-5-1979 | 5/14 | 6/14-2/15<br>9X120=1080/- | 6/15-16 തി. 19.8.15(193200) വൗച്ചർ നം. 11503100670/ 20-8-15 |
| 4. | 263 | പ്രശകുമാരി<br>(വിലാസം രേഖപ്പെടുത്തിയിട്ടില്ല) | 20-5-1979 | 5/14 | 6/14-12/14<br>7x120=840/- | 6/15-16 തി. 19.8.15(193200) വൗച്ചർ നം. 11503100670/ 20-8-15<br>വൗച്ചർ നം.11503101753/ 29.2.16 (103200/-) |
| | | | | | ആകെ 3120/- | |

അധികം ചെലവഴിച്ച 3120/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## **3-9** ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലികുന്നില്ല **–M-Asset** മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്.ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്.പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ

വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും,അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്.ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ,കൃത്യമായ രേഖപ്പെടുത്തലുകളൊ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം ‘M-Asset’ എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.
2016 മാർച്ച് മാസം വരെ വാങ്ങിയതോ ,നിർമ്മിച്ചതോ , വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ,ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റ്,എൽ.എസ്.ജി.ഡി എ.ഇ.എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016-ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല.മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ(സാധാ)നം.2904/16 നമ്പരിൽ 19.10.2016 മാത്രമാണ് ലഭിച്ചതെന്നതും പ്രസ്താവ്യമാണ്.
ആസ്തിരജിസ്റ്റർ,സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേ ഷനി ലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ ,റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ ‘port’ചെയ്യുന്നുവെന്നതും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക്ക് ദിനം, എസ്.എസ്.എൽ.സി , പ്ലസ് ടു അവാർഡ് – മെമന്റോ വിതരണം ചെയ്തതിന് രേഖകളില്ല

പ്രോജക്ട് നംപർ -(S0136/16)
അടങ്കൽ - 50000 /- (തനത് ഫണ്ട്)

നിർവ്വഹണം – ഹെഡ്മാസ്റ്റർ

സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക്ക് ദിനം, എസ്.എസ്.എൽ.സി , പ്ലസ് ടു അവാർഡ് എന്ന പദ്ധതിയിൽ മൾട്ടി സ്ക്രീൻസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബിൽ നം. 301 / 2015 / 12.8.15 പ്രകാരം 17400 /- രൂപയ്ക്ക് 30 മെമന്റോകൾ വാങ്ങിയിട്ടുണ്ട്. അത് ആർക്കൊക്കെ വിതരണം ചെയ്തു എന്നതിന്റെ രേഖകളില്ല. വിതരണ വിവരം, കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണ ത്തിന് ( 3/21.1.17)മറുപടിയായി പേരുവിവരം ഞ്ചായത്ത് അധികാരികളിൽ നിന്ന് വാങ്ങി നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിതരണ രേഖകൾ ലഭ്യമാക്കുംവരെ 17400 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 തുല്യതാ പഠനം - വിനിയോഗരേഖകളില്ല

പദ്ധതി നംപർ – SO24/16

അടങ്കൽ - 25000 /-രൂപ

തുല്യതാ പഠനത്തിനായി ചെക്ക് നമ്പർ 1329824 തീയതി 29.3.2016 പ്രകാരം 15 പഠിതാക്കൾക്ക് 1500/-രൂപാ ക്രമത്തിൽ 22500/-രൂപ പിൻ വലിച്ച് ഡയറക്ടർ കേരളസാക്ഷരതാമിഷൻ, തിരുവനന്തപുരം പേർക്ക് ഒടുക്കിയിട്ടുണ്ട്.(ഡി ഡി നമ്പർ 448621 / 13.7.2015).എന്നാൽ പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയും സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെയും വിവരങ്ങളില്ല്ല. വിവരങ്ങളാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/21.1.17) മറുപടിയായി സാക്ഷരതാമിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുംവരെ 22500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 എസ്.എസ്.എ വിഹിതം നല്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നംപർ -SO02/16

അടങ്കൽ - 913335 /-രൂപ (വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ നം : 1/15-16/14.10-15

നിർവ്വഹണോദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

2015-16വർഷത്തെ എസ്.എസ്.എ. വിഹിതമായ 913335 /-രൂപ വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസർ , എസ്.എസ്.എ , കൊല്ലം പേർക്ക് നല്കിയിട്ടുണ്ട് (ഡി നം. 807678/ 14.10.15). പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ആയതിനാൽ 913335 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/21.1.17) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 ആശ്രയ

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടി 2010 -16 വർഷങ്ങളിലേക്ക് രണ്ട് ഘട്ടമായി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.ആശ്രയ പദ്ധതി ഒന്നാം ഘട്ടം പ്രോജക്ട് ആരംഭിക്കുമ്പോൾ 68 ഗുണഭോക്താക്കൾക്കായി തുക വകയിരുത്തിയിരുത്തുകയും താഴെപ്പറയുന്ന ആനുകൂല്യം നല്കുകയുംചെയ്തിട്ടുണ്ട്.

| ഇനം | പ്രോജക്ട് പ്രകാരം ഗുണ ഭോക്താക്കൾ | നാളിതുവരെ ആനുകൂല്യം ലഭിച്ചവർ |
|---|---|---|
| ഭൂമി | 23 | 14 |
| വീട് | 33 | 3 |
| വീട് അറ്റകുറ്റപ്പണി | 3 | 0 |
| കുടിവെള്ളം | 38 | 0 |
| കക്കൂസ് | 38 | 0 |
| കറണ്ട് | 0 | 0 |

ആശ്രയ പദ്ധതി രണ്ടാം ഘട്ടം പ്രോജക്ട് ആരംഭിക്കുമ്പോൾ 58 ഗുണഭോക്താക്കൾക്കായി തുക വകയിരുത്തിയിരുത്തുകയും താഴെപ്പറയുന്ന ആനുകൂല്യം നല്കുകയുംചെയ്തിട്ടുണ്ട്.

| ഇനം | പ്രോജക്ട്പ്രകാരം ഗുണഭോക്താക്കൾ | നാളിതുവരെ ആനുകൂല്യം ലഭിച്ചവർ |
|---|---|---|
| ഭൂമി | 6 | 5 |
| വീട് | 6 | 4 |
| വീട് അറ്റകുറ്റപ്പണി | 0 | 0 |
| കുടിവെള്ളം | 10 | 0 |
| കക്കൂസ് | 27 | 0 |
| കറണ്ട് | 0 | 0 |

2012-13 ൽ 3 ഗുണഭോക്താക്കൾക്കായി വസ്തു വാങ്ങുന്നതിനായി 6,00,000/- രൂപ വകയിരുത്തുകയും 4,20,000/-രൂപ ചെലവഴിക്കുകയും ചെയ്തു. 2013-14ൽ 3 ഗുണഭോക്താക്കൾക്കായി 1,80,000/- രൂപ വകയിരുത്തുകയും 1,80,000 /- രൂപ ചെലവഴിക്കുകയും ഒരു ഗുണഭോക്താവിന് വസ്തു വാങ്ങുന്നതിനായി 1,00,000/- വകയിരുത്തുകയും 1,00,000/- രൂപ ചെലവഴിക്കുകയും ചെയ്തു. 2014-15ൽ 3 ഗുണഭോക്താക്കൾക്കായി വസ്തു വാങ്ങുന്നതിനായി 5,00,000/- രൂപ വകയിരുത്തുകയും 2015-16 ൽ സ്പിൽ ഓവർ പദ്ധതിയിലൂൾപ്പെടെ 5,00,000/- രൂപ ചെലവഴിക്കുകയും ചെയ്തു. 2015-16 ൽ വീടിനായി 10,00,000/- രൂപ വകയിരുത്തുകയും 650000 /- ചെലവഴിക്കുകയും ചെയ്തു. കുടിവെള്ളം, വൈദ്യുതി എന്നിവ ആർക്കും നല്കിയിട്ടില്ല. ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യം ലഭ്യമാകത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-14 തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നും, ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നുമുള്ള സർക്കുലർ 58725/ എഫ്.എം.3/ തസ്വഭവ 26.5.11 ലെ നിർദ്ദേശം പാലിച്ചിട്ടില്ല.

ജില്ലാ സഹകരണ ബാങ്ക് നിലമേൽ, സർവ്വീസ് സഹകരണബാങ്ക് Ac no. 4911, സർവ്വീസ് സഹകരണബാങ്ക് ഫിക്സഡ് ഡെപ്പോസിറ്റ് Ac no. 4238 എന്നീ മൂന്ന് അക്കൗണ്ടുകളിൽ തനത് ഫണ്ട് സൂക്ഷിക്കുന്നു.ഒറ്റ അക്കൗണ്ട് മാത്രം നിലനിർത്തി മറ്റുള്ള തനത് ഫണ്ട് അക്കൗണ്ടു കളിലെ തുക കൂടി പ്രസ്തുത അക്കൗണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മുൻകാലങ്ങളിൽ പ്രത്യേക ആവശ്യങ്ങൾക്കായി തുടങ്ങിയതും നിലവിൽ പലിശ വരവ് മാത്രമുള്ളതുമായ താഴെപ്പറയുന്ന അക്കൗണ്ടുകൾ നിറുത്തലാക്കി തുക ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കേണ്ടതാണ്.

1. കാനറാ ബാങ്ക് 52542 – നീക്കിയിരിപ്പ് 606 /- രൂപ. 2013 ന് ശേഷം ഇടപാടുകളില്ല.

2.സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് JGSY 4583 -നീക്കിയിരിപ്പ് 1060 /-രൂപപലിശ വരവ് മാത്രം.

3.സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് യൂറോ കമ്മീഷൻ 4530 -നീക്കിയിരിപ്പ് 10960 /- രൂപ പലിശ വരവ് മാത്രം.

4.സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് പ്ലാൻ ഇംപ്രസ്റ്റ് 4860 -നീക്കിയിരിപ്പ് 886/- രൂപ. പലിശ വരവ് മാത്രം.

5.സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് ജനകീയ പാർപ്പിടം – നീക്കിയിരിപ്പ് 15924 /-- രൂപ. പലിശ വരവ് മാത്രം.

## 3-15 നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ -ധനവിനിയോഗമാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല.

നോൺബാങ്കിംഗ് ട്രഷറികൾ മുഖേന ധന ഇടപാടുകൾ നടത്തുന്നതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർവഹണോദ്യോഗസ്ഥർ, ബില്ലുകൾമുഖേന പിൻവലിക്കുന്ന തുകകളിൽ നിന്ന് 1000/-രൂപയിൽ അധികമായ തുകഡി.ഡി.കളായി മാത്രം കൈമാറുക എന്ന ആവശ്യത്തിലേയ്ക്ക് ദേശസാൽകൃത ബാങ്കുകളിൽ ഒരു അക്കൗണ്ട് ആരംഭിയ്ക്കണമെന്നും, ട്രഷറി ബില്ലുകൾ പ്രകാരമുള്ളതല്ലാതെ മറ്റൊരു തുകയും പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിയ്ക്കരുതെന്നും,ട്രഷറി ബിൽ പ്രകാരമുള്ള തുക നിക്ഷേപിച്ചാൽ ഉടൻതന്നെ അർഹരായവരുടെ പേരിൽ തുക ഡി.ഡി.യാക്കണമെന്നും,ഓരോ മാസത്തിന്റെയും അവസാനം നിക്ഷേപ തീയതി മുതൽ 30 ദിവസത്തിലധികമായിവിനിമയം ചെയ്യപ്പെടാതെ ശേഷിയ്ക്കുന്ന തുകകൾ ചെലാൻ മുഖാന്തരം ട്രഷറിയിൽ തിരിച്ചടയ്ക്കണമെന്നും 12.04.2006ലെ ജി.ഒ.(പി)177/ ഫിൻ ഉത്തരവ് പ്രകാരമുള്ള ധനവിനിയോഗ മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണോദ്യോസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകളിലായി ഗണനീയമായ തുകകൾ ചെലവഴിയ്ക്കപ്പെടാതെ ശേഷിയ്ക്കുന്നതായി കാണുന്നു. വിവിധ നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ ശേഷിയ്ക്കുന്ന തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണോദ്യോഗസ്ഥന്റെ പേര് | ബാങ്ക്/അക്കൗണ്ട് നം. | നീക്കിയിരിപ്പ് (തീയതി) |
|---|---|---|---|
| 1. | വെറ്ററിനറി സർജൻ | എസ്.ബി.ടി നിലമേൽ 57038766377 | 21330/-( 25.12.2016) |
| 2. | കൃഷി ഓഫീസർ | എസ്.ബി.ടി നിലമേൽ 57038766344 | 30877 /- (5.12.16)(20380/ രൂപ പദ്ധതി പ്രകാരം പിൻവലിച്ചത് ഓഡിറ്റ് നിർദ്ദേശപ്രകാരം 31.1.17 നാണ് കെയ്ക്കോയ്ക്ക് നല്കിയത് . നെല്ല് ഉത്പാദക ബോണസ് 7000 /- രൂപയും പലിശ 3497 രൂപയും ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. |
| 3. | വി.ഇ.ഒ | എസ്.ബി.ടി നിലമേൽ 57038802487 | 49017/- (25.4.2016) |
| 4. | സെക്രട്ടറി | എസ്.ബി.ടി നിലമേൽ 57032302162 | 371612 /- (31.3.2016 |
| 5.. | ഐ.സി.ഡി. എസ്. | എസ്.ബി.ടി | 45/- (29.12.2016) |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | നിലമേൽ 57038766275 | |

നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ ശേഷിയ്ക്കുന്ന തുകകൾ ധനവിനിയോഗമാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടവാക്കി അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

## 3-16 പദ്ധതി തുക കാര്യക്ഷമമായി വിനിയോഗിക്കുന്നില്ല

2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി, അസിസ്റ്റൻറ് സെക്രട്ടറി, വിഇഒ, കൃഷി ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടേയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 25 | 10 | 5130932 | 1382617 | 26.9 % | വിഹിതം നല്കുന്ന പദ്ധതിളും, പദ്ധതി രൂപീകരണം, മറ്റ് അടിയന്തിര പദ്ധതികളൊഴികെ യുള്ള വ നടപ്പിലാക്കിയിട്ടില്ല. കുടിവെള്ള പദ്ധതി, തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ , ഖരമാലിന്യ പ്ലാന്റ് എന്നിവ നടപ്പിലാക്കാത്ത പദ്ധതികളിൽ ഉൾപ്പെടുന്നു. |
| 2. | കൃഷി ഓഫീസർ | 9 | 4 | 2973198 | 258516 | 8.69 % | മഴപ്പൊലിമ, പാലോണം പശ്ചിമ ഘട്ട വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 3. | വെറ്റിനറി സർജൻ | 6 | 5 | 1337950 | 649790 | 48.5 % | തെരുവ് നായ്ക്കളുടെ നിയന്ത്രണം നടപ്പിലാക്കിയിട്ടില്ല |
| 4. | എ.ഇ | 79 | 63 | 25632072 | 19833705 | 77.38 % | |
| 5. | ഐസിഡി എസ് സൂപ്പർവൈസർ | 8 | 7 | 2622300 | 1914529 | 73 % | |
| 6. | വിഇഒ | 9 | 5 | 4224064 | 2735000 | 64.74 % | പശ്ചിമ ഘട്ട വികസന പദ്ധതി, റിംഗ് കംപോസ്റ്റ്, പൈപ്പ് കംപോസ്റ്റ് , കാരിബാഗ് നിർമ്മാണ യൂണിറ്റ് എന്നിവ നടപ്പിലാക്കിയിട്ടില്ല |
| | മെഡിക്കൽ ഓഫീസർ ഹോമിയോ) | 2 | 2 | 150000 | 149996 | 99.9 % | |
| 7. | മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) | 4 | 4 | 980000 | 972400 | 99.22 % | |
| 8. | ഹെഡ്മാസ്ര്റർ | 4 | 4 | 1188335 | 1019735 | 85.81 % | |
| 9. | അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 2412200 | 434000 | 17.99 % | പട്ടികജാതി വിഭാഗത്തിന് ഓട്ടോ റിക്ഷാ നല്കൽ പദ്ധതി നടപ്പാക്കിയിട്ടില്ല. |

വിവിധ മേഖലകളുടെ സമഗ്ര വികസനം മുൻനിർത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-17 അധിക നിരക്കിൽ യാത്രപടി നല്കിയതായി കാണുന്നു

ജീവനക്കാരുടെ യാത്രപടിയുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാർക്ക് അർഹമായതിൽ അധിക നിരക്കിൽ യാത്രപടി നല്കിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | യാത്ര ചെയത് തീയതി | യാത്ര ചെയത് സമയം | യാത്ര ചെയത് ദൂരം | യാത്രയുടെ വിവരം | കൈപ്പറ്റിയ യാത്രപടി | അനുവദനീയമായ യാത്രപടി | അധികം |
|---|---|---|---|---|---|---|---|---|
| 1- | ബേബി സരോജം, അസി. സെക്രട്ടറി | 4-1-14 | 10am - 12pm | 22kms | നിലമേൽ-മടവൂർ | 200 | 100 | 100 |
| | | 16-1-14 | 1.45pm-5pm | 18kms | നിലമേൽ-ചടയമംഗലം | 200 | 100 | 100 |
| | | 8-5-14 | 2pm-5pm | 22kms | നിലമേൽ-മടവൂർ | 200 | 100 | 100 |
| | | 14-5-14 | 10am-12pm | 22kms | നിലമേൽ-മടവൂർ | 200 | 100 | 100 |
| 2- | ദിലീപ് എസ്, യു ഡി ക്ലാർക്ക് | 1-1-14 | 12.30pm-3pm | 18kms | നിലമേൽ-കടയ്ക്കൽ | 150 | 75 | 75 |
| | | 13-1-14 | 11.30am-1pm | 18kms | നിലമേൽ-ചടയമംഗലം | 150 | 75 | 75 |
| | | 20-3-14 | 1pm-3pm | 18kms | നിലമേൽ-കടയ്ക്കൽ | 150 | 75 | 75 |
| | | 8-5-14 | 10am-11am | 18kms | നിലമേൽ-ചടയമംഗലം | 150 | 75 | 75 |
| 3- | ശ്രീജോ. ജെ, എൽ . ഡി ക്ലാർക്ക് | 2-1-14 | 10am-11am | 18kms | നിലമേൽ-കടയ്ക്കൽ | 200 | 100 | 100 |
| | | 24-3-14 | 2pm-4pm | 18kms | നിലമേൽ-കടയ്ക്കൽ | 200 | 100 | 100 |
| | | 9-4-14 | 11am-2pm | 18kms | നിലമേൽ-കടയ്ക്കൽ | 200 | 100 | 100 |
| | | 1-8-14 | 11.30am-1pm | 18kms | നിലമേൽ-കടയ്ക്കൽ | 200 | 100 | 100 |
| 4- | കെ. സുൽഫിക്കർ, അക്കൗണ്ടന്റ് | 21-3-14 | 10am-12pm | 18kms | നിലമേൽ-കടയ്ക്കൽ | 200 | 100 | 100 |
| | | 17-3-14 | 12.15pm-3pm | 18kms | നിലമേൽ-കടയ്ക്കൽ | 200/- | 100/- | 100/- |
| | | 27-6-14 | 2.30pm-5pm | 18kms | നിലമേൽ-കടയ്ക്കൽ | 200/- | 100/- | 100/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5- | ഗിരീഷ് കുമാർ എം., യു ഡി ക്ലാർക്ക് | 12-2-14 | 12pm-4pm | 18kms | നിലമേൽ-കടയ്ക്കൽ | 150/- | 75/- | 75/- |
| | | 24-3-14 | 3.30pm-5pm | 18kms | നിലമേൽ-ചടയമംഗലം | 150/- | 75/- | 75/- |
| | | 6-8-15 | 10am-12pm | 18kms | നിലമേൽ-ചടയമംഗലം | 150/- | 75/- | 75/- |
| | | 11-8-15 | 10am-1pm | 18kms | നിലമേൽ-ചടയമംഗലം | 150/- | 75/- | 75/- |
| 6- | രമണി എസ്, എൽ . ഡി ക്ലാർക്ക് | 20-1-15 | 3.30pm-5pm | 18kms | നിലമേൽ-ചടയമംഗലം | 200/- | 100/- | 100/- |
| | | 23-1-15 | 3.30pm-5pm | 18kms | നിലമേൽ-ചടയമംഗലം | 200/- | 100/- | 100/- |
| | | 28-1-15 | 1.15pm-5pm | 18kms | നിലമേൽ-ചടയമംഗലം | 200/- | 100/- | 100/- |

ബിൽ നം. 239/10-7-15 വൗച്ചർ നം. 21500250/10-7-15; ബിൽ നം. 822/12-2-16 വൗച്ചർ നം.21500951/12-2-16 പ്രകാരം മേൽ പറഞ്ഞ വൗച്ചറുകൾ പരിശോധിച്ച്,അധിക നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നു ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-18 ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ,സംസ്ഥാന ആസൂത്രണ ബോർഡ് 1999ൽ പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിവ്വഹണത്തിൽ സുതാര്യത , ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല

ഗുണഭോക്തൃ സമിതി ചെയർമാൻ ,കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ് നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്.സംയുക്ത അക്കൗണ്ടിൽ കൂടിയല്ലാതെ, ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ 'ക്യാഷ് അടിസ്ഥാനത്തിൽ വാങ്ങിയതിനാൽ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല.ക്രെഡിറ്റ് അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങിയതെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഇല്ല.കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും അനുവദിച്ചിട്ടി ല്ലായെന്നിരിക്കെ ബാങ്കിലെ അക്കൗണ്ടിൽ നിന്നും മാറിയെടുത്ത ഫൈനൽ ബിൽ തുക കൈപ്പറ്റി,കൺവീനർമാർ നടത്തിയ സാമ്പത്തിക ഇടപാടുകൾ,ചെക്ക്/ഡി.ഡി./ അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയല്ലാത്തതിനാൽ പരിശോധന

പരിധിയ്ക്ക് വെളിയിൽനിൽക്കുന്ന വെന്നത് ഗൗരവതരമാണ്.

2)രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം നിയമാനുസൃതമല്ല(സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ള പേപ്പറിൽ വൻ തുകയുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു), എല്ലാ സാധന സാമഗ്രികളും അംഗീകൃത ഡീലറിൽ നിന്നും വാങ്ങുന്നില്ല.വൗച്ചറുകൾ എല്ലാം ക്രമ നമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃ സമിതികൾ , അംഗീകൃത ഏജൻസികൾ/ഡീലർമാരിൽ നിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണസാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും സാമ്പത്തിക വ്യവസ്ഥിതിയിൽ കള്ളപണത്തിന്റെ ഭാഗമാക്കുന്നതിന് സർക്കാർ ഫണ്ട് തന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു.നിർവ്വഹണ ഉദ്യോഗസ്ഥൻ,മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർനടപടികൾക്കായി മേൽ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 3-19 <u>ദേശീയ തൊഴിലുറപ്പ് പദ്ധതി</u>

2015-16 സാമ്പത്തികവർഷത്തിൽ 1299 കുടുംബങ്ങൾക്കായി 56,776 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 102 കുടുംബങ്ങൾ 241 ദിനങ്ങൾ പൂർത്തിയാക്കി.ആകെ 1,30,01,224/- രൂപയുടെ ചെലവ് താഴെ രേഖപ്പെടുത്തിയിട്ടുള്ള മേഖലയിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

1.ഭൂവികസനം -40 എണ്ണം

2.ജല സംരക്ഷണ പ്രവൃത്തികൾ -38 എണ്ണം

3.മഴക്കുഴി നിർമ്മാണം - 11 എണ്ണം

4.ഐ.എ.വൈ.പ്രവൃത്തികൾ -19എണ്ണം

പദ്ധതി നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

2.മൂല്യനിർണ്ണയ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള മഴക്കുഴി, കിണർ റീചാർജ്ജിംഗ്, തെങ്ങിൻ തടങ്ങളുടെ എണ്ണം, ഉപോൽബലകങ്ങളായ രേഖകളുടെ അഭാവത്തിൽബോധ്യപ്പെട്ടു ന്നില്ല.

3.പ്രവൃത്തികൾ നടപ്പിലാക്കിയ വസ്തുക്കളുടെ കരം അടച്ച രസീതുകൾ കാലികമല്ല.

4.ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ഫോട്ടോകളിൽ , പ്രൊജക്റ്റ് യോഗങ്ങൾ, പ്രവൃത്തി സൈറ്റുകളിൽ സ്ഥാപിച്ച ബോർഡ്,പ്രവൃത്തിയുടെ പുരോഗതി എന്നിവ വിലയിരു ത്തുവാൻ പ്രാപ്തമല്ല.

5.ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതികളുടെ ഫയലുകളിൽ

പ്രവൃത്തി നടത്തുന്നതിന്റെ ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഗുണഭോക്താക്കൾ യഥാർത്ഥ ത്തിൽ നിർമ്മാണ പ്രക്രീയയിൽ ഏർപ്പെട്ടതായി ബോധ്യപ്പെടുന്നില്ല.

6.സൈറ്റ് ഡയറികളിലെ രേഖപ്പെടുത്തലുകൾ പരിമിതമായതിനാൽ ,പ്രവൃത്തികളുടെ

പുരോഗതി വിലയിരുത്തുന്നതിന് സഹായകരമല്ല.
മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധന - അപാകതകൾ

ഗ്രാമ പഞ്ചായത്ത് ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഇന്ധന ക്ഷമതാ ടെസ്റ്റ് എല്ലാ ആറു മാസത്തിലൊരിക്കൽ കൃത്യ സമയത്തു നടത്തേ ണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. എന്നാൽ കൃത്യമായ ഇടവേളയിൽ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പി ക്കുന്നില്ല.

2. ഒരോ മാസത്തെ ഇന്ധന ഉപഭോഗവും, സഞ്ചരിച്ച ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്ത കുറിപ്പ് അതാത് മാസത്തെ അവസാന ദിവസം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
3. വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും (ഫുൾ കപ്പാസിറ്റി) ഇന്ധനം നിറയ്ക്കേണ്ട താണ്.എന്നാൽ ഭാഗികമായി അളവിലാണ് ഇന്ധനം നിറക്കുന്നത്.

4. ഔദ്യോഗികമായി വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർ, ഭരണാധികാരികൾ എന്നിവർ ലോഗ് ബുക്കിൽ ഒപ്പ് രേഖപ്പെടുത്തുന്നില്ല . നിയന്ത്രണാധികാരി ഇവ സാക്ഷ്യ പ്പെടുത്തുന്നില്ല.

വാഹനത്തിന്റെ കസ്റ്റോഡിയൻ സെക്രട്ടറി ആയതിനാൽ ഔദ്യോഗിക വാഹനം പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ജി ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ. 30-6-2007 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 3-21 പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല –പട്ടയം അനുവദിക്കുന്നതിനു ലഭിക്കുന്ന അപേക്ഷകളിൻമെൽ ഗ്രാമപഞ്ചായത്ത് തീരുമാനം മതിയായ അന്വേഷണമില്ലാതെ

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5) ,218 എന്നിവ പ്രകാരം ഗ്രാമപഞ്ചായ ത്തിന് കൈമാറുകയോ , നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കു ന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ പട്ടയം അനുവദി ക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നിരാക്ഷേപ പത്രത്തിനായി സമർപ്പിച്ച നിരവധി അപേക്ഷകളിൻമേൽ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തുടർ നടപടിയ്ക്കായി തീരുമാനങ്ങൾ

എടുത്തിട്ടുള്ളതായി കാണുന്നു.സ്ഥല പരിശോധന നടത്തി ,റവന്യൂ രേഖകളുമായി ഒത്ത് നോക്കി അപേക്ഷകർക്ക് നിരാക്ഷേപപത്രം അനുവദിക്കുന്നതിനും, തീരുമാനിക്കുന്ന കേസുകളിൽ, ഭൂമി വിട്ടുകൊടുക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകൾ ഹനിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നില്ലായെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. കൊട്ടാരക്കര താലൂക്ക് തഹസിൽദാർ ഗ്രാമപഞ്ചായത്തിന്റെ പരിഗണനയ്ക്കായി അയ്ക്കുന്ന 12(1) നോട്ടീസുകൾക്ക് ഔദ്യോഗിക കൈപറ്റ് രേഖപ്പെടുത്തി,15 ദിവസമെങ്കിലും പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തി ആക്ഷേപങ്ങൾ ഇല്ലാത്തവയ്ക്ക് നിരാക്ഷേപപത്രം അനുവദിക്കുകയെന്ന പ്രക്രിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി സ്വീകരിക്കുന്നില്ല.താഴെ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകളാണ് തൻ വർഷം പരിഗണിച്ചത്.

| ക്രമ നം. | അപേക്ഷൻ/ മേൽവിലാസം | വസ്തുവിന്റെ വിവരം | വിസ്തൃതി/ആർ /സെന്റ് | ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം | റിമാർക്സ് |
|---|---|---|---|---|---|
| 1. | വേയ്ക്കൽ ഇലവുംമൂട്ടിൽ ശ്രീ.റജീല ബീവി ,സൈനുദ്ദീൻ | റീസർവെ നം.134/17, | 0.6.07 ആർ വസ്തു-1.499 സെന്റ് | 4(4)/25.04.15 | അപേക്ഷയുടെ പകർപ്പ് , നം/തീയതി ലഭ്യമല്ല |
| 2. | ശ്രീമത്. ഫസീലബീവി, കിഴക്കുംകര പുത്തൻവീട് ,പുലിയോട് ,കൈതോട് പി.ഒ. | നിലമേൽ പകുതിയിലെ ബി2-40,സർവ്വെ നം.294/8 | 3.99 ആർ -9.85 സെന്റ് | 6(5)/14.07.15 | LA/148/08/30.6.15 - അപേക്ഷ . |
| 3. | കടയ്ക്കൽ ,മുകുന്നം കല്ലുതേരി സിയാദ് മൻസിൽ ശ്രീമതി സീനത്ത് ബീവി ,അബ്ദുൾ ഹമീദ് | നിലമേൽ പകുതിയിലെ Bl-41,സർവ്വെ നം.349/201 | 4.80 4.80 ആർ ഭൂമി-11.856 സെന്റ് | 5(5)/4.08.15 | LA/72/13-C1/30.07.15 – അപേക്ഷ. |
| 4. | ശ്രീ.ഷാഹുൾ ഹമീദ് ,ഭാര്യ ലൈല ബീവി ,പാറക്കെട്ടിൽ വീട് ,ബംഗ്ലാംകുന്ന് | നിലമേൽപകുതിയിലെ Bl.40 ,സർവ്വെ നം.222/11 | 6.07 ആർ ഭൂമി-14.99 സെന്റ് | 6(5)/26.09.15 | LA1/13-C1/23.07.15 – അപേക്ഷ |
| 5. | ശ്രീമതി .റസിയ ബീവി ,w/o അബ്ദുൾ ലത്തീഫ് ,ഷാൻ മൻസിൽ ,മുരുകമൺ | സ്സ് നിലമേൽ പകുതിയിലെ bl.നം.41,സർവ്വെ നം.349/20 | 5 ആർ ഭൂമി-12.35 സെന്റ് | 6(6)/26.09.15 | LA/C1/04.08.15 –അപേക്ഷ |

| | | | | | |
|---|---|---|---|---|---|
| 6. | ലഭ്യമല്ല | ക്ക് Bl.നം.40/സർവ്വെ നം.142/18 | 60 ച.മീ -1.48 സെന്റ് | 6(9)/13.1.6 | അപേക്ഷകന്റെ പേര് ലഭ്യമല്ല.LA/25/14 കത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 7. | ലഭ്യമല്ല | ക്ഷ്ദ് Bl.നം.40/സർവ്വെ നം.96/1 , 96/7 | 4.60 ആർ + 21.25 ആർ-63.85 സെന്റ് | 9(12)/3.2.16 | N.O.C./780/ZLP/6.1.16. അപേക്ഷകന്റെ പേര് ലഭ്യമല്ല. |
| 8. | ശ്രീ.അബ്ദുൾ സമദ് ,നെസിയത്ത് ബീവി ,പുളിമൂട്ടിൽവീട് ,വേയ്ക്കൽ | ക്ക്ക Bl.നം.40/സർവ്വെ നം.86/2-ൽ | 23. 20 ആർ -57.30 സെന്റ് | 6(9)/22.2.16 | 20 LA/170/15/10.01.16-20 സെന്റ് ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുതന്നതിനുശേഷം ബാക്കിയുള്ള 40 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് അംഗീകാരം.ഗ്രാമപഞ്ചായത്തിന് 20 സെന്റ് വിട്ടുകിട്ടുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

ക്രമ നം. 7,8 ൽ വലിയ അളവിലാണ് ഭൂമി പതിച്ചു നൽകുന്നതിന് അപേക്ഷിച്ചിട്ടുള്ളത്. ഭൂരഹിതർ ഏറെയുള്ള സാഹചര്യത്തിൽ ഇതിൽ മതിയായ അന്വേഷണം ഗ്രാമപഞ്ചായത്ത് അധികാരികൾ നടത്തിയിട്ടില്ല എന്നത് ഗൗരവം അർഹിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നം.15/25.1.17) വിശദാംശങ്ങൾ ഇല്ലാത്ത അപേക്ഷകൾ ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്.കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം ,നിർമ്മാണ പ്രവർത്തനങ്ങൾ , എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016 | 40950 | 20/16 ഭിന്ന ശേഷിയുള്ള കുട്ടികള്ക്ക് സ്കോളർഷിപ്പ് | 40950 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016 | 24500 | 73/16ഭിന്ന ശേഷിയുള്ള കുട്ടികള്ക്ക് സ്കോളർഷിപ്പ് | 24500 | ഇല്ല |
| കൊല്ലം ജില്ല പഞ്ചായത്ത് | 2016 | 32998 | 20/16ഭിന്ന ശേഷിയുള്ള കുട്ടികള്ക്ക് സ്കോളർഷിപ്പ് | 32998 | ഇല്ല |
| കൊല്ലം ജില്ല | 2016 | 398000 | 84/16 പുതുശ്ശേരി | 398000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | അംഗനവാടി കെട്ടിട നിർമ്മാണം | | |
| കൊല്ലം ജില്ല പഞ്ചായത്ത് | 2016 | 398000 | 85/16 മണലയം അംഗനവാടി കെട്ടിട നിർമ്മാണം | 398000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായിപ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പോസ്റ്റ്മാറ്റി സ്ഥാപിക്കൽ | 26/8/15 | 8805 | 8805 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 414086 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 414086 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 414086 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5270/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-1 | 4355 | ശ്രീ. സന്തോഷ് , എ.ഇ | 11503100281/23-5-15 |

| | | | | |
|---|---|---|---|---|
| 2010-11 | 3-10 | 915 | ശ്രീ. നെപ്പോളിയൻ, സെക്രട്ടറി | 11503100625/12-8-15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-6 | 2011-12 | 4-5 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് | പ്രവർത്തനക്ഷമമാക്കാൻ കൂടിയാലോചന നടത്താൻ കമ്മിറ്റി തീരുമാനിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44633361 /- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41329370 /- |
| വരവിനങ്ങളിലുള്ള നഷ്ടം | 59520 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 162035 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1186735 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 59520 | | ശ്രീ. സി വി രാധകൃഷ്ണൻ, സെക്രട്ടറി |
| 3-2 | | 54458 | ശ്രീ. വിജയകുമാരൻ പിള്ള, എ ഇ |
| | | 54458 | ശ്രീമതി.മഞ്ജു,കെ.എസ്,അസി.എക്സി.എഞ്ചിനീയർ |
| 3-3 | | 50000 | ശ്രീ. വിജയകുമാരൻ പിള്ള, എ ഇ |
| 3-8 | | 3120 | ശ്രീ. സി വി രാധകൃഷ്ണൻ സെക്രട്ടറി, |

| | | | |
|---|---|---|---|
| | | | ശ്രീമതി. ബേബി സരോജം, സെക്രട്ടറി ഇൻ ചാർജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 115000 | ശ്രീ. സി വി രാധകൃഷ്ണൻ, സെക്രട്ടറി |
| 3-5 | 7000 | ശ്രീമതി. അജിത കുമാരി, കൃഷി ഓഫീസർ |
| 3-6 | 45000 | ശ്രീ. സി വി രാധകൃഷ്ണൻ, സെക്രട്ടറി |
| 3-7 | 66500 | ശ്രീ. ജയപ്രകാശൻ പിള്ള, ഹെഡ് മാസ്റ്റർ |
| 3-10 | 17400 | ശ്രീ.ജയപ്രകാശൻ പിള്ള ,ഹെഡ് മാസ്റ്റർ |
| 3-11 | 22500 | ശ്രീ. ജയപ്രകാശൻ പിള്ള, ഹെഡ് മാസ്റ്റർ |
| 3-12 | 913335 | ശ്രീ. ജയപ്രകാശൻ പിള്ള, ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി വി രാധകൃഷ്ണൻ, സെക്രട്ടറി | വിരമിച്ചു | തുണ്ടത്തിൽ വീട്, മടത്തിനാപുഴ, മാവടി പി ഒ |
| ശ്രീമതി. ബേബി സരോജം, സെക്രട്ടറി ഇൻ ചാർജ് | അസി. സെക്രട്ടറി | ഗിരിജാ നിവാസ്, തട്ടാമല പി ഒ |
| ശ്രീമതി. അജിത കുമാരി, കൃഷി ഓഫീസർ | കൃഷി ഓഫീസർ | വൈഷ്ണവം, റ്റി സി 2/3415(3) റോഡ്, പട്ടം |
| ശ്രീ. ജയപ്രകാശൻ പിള്ള, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ | ഇടയിലഴികത്ത് വീട്, ആറ്റൂർക്കോണം, |

| | | |
|---|---|---|
| | | കരിങ്ങന്നൂർ |
| ശ്രീ. വിജയകുമാർൻ പിള്ള, എ ഇ | അസി. എഞ്ചീനിയർ | ലക്ഷ്മി വിലാസം, ഉറ്റിയ്ക്കൽ, മതിര പി ഒ, കടയ്ക്കൽ |
| ശ്രീമതി.മഞ്ജു,കെ.എസ്, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ | ധ്വനി,RVRA, D11പത്മനാഭനഗർ, വഴയില,കരകുളം.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.ക്യൂ.പി6-1278(1)/14, 17-06-2014 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ക്യൂ.പി6-1278(3)/14, 17-06-2014 | 2 |
| 1998-99 | എൽ.എഫ്.ക്യൂ.പി6-1278(4)/14, 17-06-2014 | 8 |
| 1999-2000 | എൽ.എഫ്.ക്യൂ.പി6-1278(5)/14, 17-06-2014 | 15 |
| 2001-02 | എൽ.എഫ്.ക്യൂ.പി6-1278(7)/14, 17-06-2014 | 7 |
| 2002-03 | എൽ.എഫ്.ക്യൂ.പി6-1278(8)/14, 17-06-2014 | 6 |
| 2003-04 | എൽ.എഫ്.ക്യൂ.പി6-1278(9)/14, 17-06-2014 | 10 |
| 2004-05 | എൽ.എഫ്.ക്യൂ.പി6-1278(10)/14, 17-06-2014 | 9 |
| 2005-06 | എൽ.എഫ്.ക്യൂ.പി6-1278(11)/14, 17-06-2014 | 22 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1278(12)/14, 17-06-2014 | 12 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1278(13)/14, 17-06-2014 | 18 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.ക്യു.പി6-1278(14)/14, 17-06-2014 | 7 |
| 2009-10 | എൽ.എഫ്.ക്യു.പി6-1278(15)/14, 17-06-2014 | 18 |
| 2010-11 | എൽ.എഫ്.ക്യു.പി6-1278(16)/14, 17-06-2014 | 20 |
| 2011-12 | എൽ.എഫ്.ക്യു.പി6-1885/2015/, 05-06-2015 | എല്ലാ ഖണ്ഡികകളും |
| 2012-13<br>2013-14 | എൽ.എഫ്.ക്യു.പി6-1222/15, 10-08-2015 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ എസ് എ . കെ എൽ എം -പി6-1142/16, 21-7-16 | എല്ലാഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

**4-10** <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ. കെ.എൽ.എം - പി. –307 / 17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –13/02/2017

<u>സാക്ഷ്യപത്രം 2015-2016</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിലമേൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.